# കേരള സർക്കാർ

സംഗ്രഹം

കൃഷി (ക്ഷീരവികസന ) വകുപ്പ് കേരള ക്ഷീരകർഷക ക്ഷേമനിധിയില് അംഗങ്ങളായജില്ലയിലെമികച്ചക്ഷീരകർഷകനെആദരിക്കുന്നപദ്ധതിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================+===========================

**കൃഷി (ക്ഷീരവികസന) വകുപ്പ്**

സ.ഉ.(എം.എസ്)നം. 23/ 08 /കൃഷി തീയതി: തിരുവനന്തപുരം, 512008.

==============================================================================

പരാമർശം : 1. ക്ഷേമനിധിബോർഡ്ഭരണസമിതിതീരുമാനം

2. ക്ഷേമനിധി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 91107, 61207 എന്നീ തീയതികളിലെ കെ.ഡി.എഫ്.ഡബ്ളിയു/കെ.ഡി.2007 ◌ാ◌ം നം.കത്ത്.

## ഉത്തരവ്

ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ വാർഷിക പദ്ധതിയുടെഭാഗമായിസംസ്ഥാനത്ത് എല്ലാവർഷവുംനടത്തപ്പെടുത്തുന്നജില്ലാതലക്ഷീരോൽസവത്തോടനുബന്ധിച്ച്തെരഞ്ഞെടുക്കുന്നക്ഷീരകർഷകക്ഷേമനിധിഅംഗമായജില്ലയിലെഏറ്റവും മികച്ച ക്ഷീരകർഷകന് രണ്ടായിരം രൂപയുടെ ക്യാഷ് അവാർഡുംപ്രശസ്തിപത്രവുംക്ഷേമനിധിഫണ്ടിൽനിന്നുംനൽകിആദരിക്കുന്നതിന്ക്ഷേമനിധിഭരണസമിതിതീരുമാനമെടുത്തിട്ടുണ്ട്. പ്രസ്തുതതീരുമാനംനടപ്പിലാക്കുന്നതിന് അനുമതിനൽകണമെന്ന് പരാമർശം 2 പ്രകാരംകേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് ചീഫ് എകസിക്യൂട്ടീവ് ഓഫീസര് ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാര് ഇക്കാര്യം വിശദമായി പരിശോധിക്കുകയുംജില്ലാതലക്ഷീരോത്സവത്തോടനുബന്ധിച്ച് സംസ്ഥാനത്തെഓരോജില്ലയിലെയുംഏറ്റവുംമികച്ചക്ഷീരകർഷകനായിതെരഞ്ഞെടുക്കപ്പെടുന്ന ക്ഷേമനിധി അംഗമായക്ഷീരകർഷകന്ക്ഷേമനിധിഫണ്ടിൽനിന്നുംരണ്ടായിരംരൂപയുടെക്യാഷ് അവാർഡും, പ്രശസ്തിപത്രവുംനൽകിആദരിക്കുന്നതിന്ചീഫ് എകസിക്യൂട്ടീവ് ഓഫീസർക്ക് അനുമതിനൽകികൊണ്ട് സർക്കാർഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിന് പ്രകാരം

**പി. ബാലചന്ദ്രൻനായര്**
അണ്ടർസെക്രട്ടറി

ഡയറക്ടർ, ക്ഷീരവികസന വകുപ്പ് , തിരുവനന്തപുരം
സി.ഇ.ഒ. കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ), എ ആന്റ് ഇ ), കേരള ,തിരുവനന്തപുരം
കരുതൽ ഫയല് /ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസര്**